**ഭരണഭാഷ മാതൃഭാഷ**

കോളേജ് വിദ്യാഭ്യാസവകുപ്പ് ആസ്ഥാന കാര്യാലയം

തിരുവനന്തപുരം

നമ്പർ:DCETVM/8410/2024-D2 22-10-2024

**സർക്കുലർ**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - സ്വകാര്യ എയ്ഡഡ് കോളേജുകൾ - വിദേശ യാത്രക്കുള്ള SOAFT അപേക്ഷകൾ ശരിയായ രീതിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതു സംബന്ധിച്ച്.

സൂചന
1) G.O.(P) No.12/2019/Fin dated 16/02/2019
2) G.O.(Rt) No.1483/2019/HEDN dated 19/08/2019
3) Circular No. HEDN-J1/349/2018-HEDN dated 28/10/2019

എയ്ഡഡ് കോളേജ് അധ്യാപകർ SOAFT മുഖേന സമർപ്പിക്കുന്ന വിദേശ യാത്രക്കുള്ള അപേക്ഷകൾ പലതും അപൂർണ്ണവും സമർപ്പിക്കുന്നതിലെ കാലതാമസവും കാരണം മേൽ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് SOAFT അപേക്ഷകൾ സമർപ്പിക്കുമ്പോൾ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാകുന്നു.

1.വിദേശ യാത്രക്കുള്ള SOAFT അപേക്ഷകൾ 15 ദിവസങ്ങൾക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

2.SOAFT അപേക്ഷയോടൊപ്പം കാൾ ലെറ്റർ, **യാത്ര ദിവസങ്ങൾ ഉൾപ്പടെയുള്ള കാലയളവിന്റെ NOC** എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

3.അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുന്ന NOC യിൽ ഹെഡ് ഓഫ് ദി ഡിപ്പാർട്ടമെന്റ്, പ്രിൻസിപ്പാൾ എന്നിവർ ഒപ്പ് വെക്കേണ്ടതും മാനേജർ മേലൊപ്പ് വെക്കേണ്ടതുമാണ്. **ഹെഡ് ഓഫ് ദി ഡിപ്പാർട്ടമെന്റ്, പ്രിൻസിപ്പാൾ,മാനേജർ എന്നിവരുടെ ഒപ്പിനോടൊപ്പം പേരുള്ള സീലും പതിപ്പിക്കേണ്ടതാകുന്നു.**

4.അപേക്ഷയിലെ കാലയളവും NOC യിലെ കാലയളവും ഒന്നായിരിക്കേണ്ടതാണ്.

5.കാൾ ലെറ്ററിലെ പ്രോഗ്രാം കാലയളവ് കൂടാതെ യാത്രകാലയളവായി കൂടിയത് 6 ദിവസങ്ങൾ മാത്രമേ അനുവദനീയമാകുന്നുള്ളൂ. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ 6 ദിവസത്തിൽ കൂടുതൽ യാത്രകാലയളവ് ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം ആവശ്യകത വ്യക്തമാക്കുന്ന വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

ഡോ. വി എസ് ജോയ്

ഡെപ്യൂട്ടി ഡയറക്ടർ

കോളേജ് വിദ്യാഭ്യാസവകുപ്പ്

പകർപ്പ്
1) ഡെപ്യൂട്ടി ഡയറക്ടർ(കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് (ഈ സർക്കുലർ താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജുകൾക്കും നൽകേണ്ടതാകുന്നു)
2) സിസ്റ്റം മാനേജർ (കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

Signed by
V S Joy
Date: 22-10-2024 17:21:37